ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ Clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിം വർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന Clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പല വട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പല പ്രാവശ്യം ശ്രമിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിനായി അവർ സ്വീകരിക്കേണ്ട നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ അത് സംബന്ധിച്ച് അവർക്ക് 3-9-2010-ൽ അന്തിമ നോട്ടീസ് അയയ്ക്കുകയും അതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2-12-2010-ൽ വീണ്ടും നോട്ടീസ് കൊടുക്കുകയും 10 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

(സി) നോർക്ക വൈസ് ചെയർമാനെ ടീകോമുമായി ചർച്ചനടത്താൻ അധികാരപ്പെടുത്തിയിട്ടുണ്ട്. ചർച്ചകൾ നടന്നുവരികയാണ്.

സ്മാർട്ട്സിറ്റി പദ്ധതിയുടെ വിശദാംശങ്ങൾ

44 (90) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതി കൊച്ചിയിൽ തുടങ്ങുവാൻ കേരള സർക്കാർ തീരുമാനമെടുത്തത് എന്നാണ് ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്മാർട്ട്സിറ്റി പദ്ധതി തുടങ്ങുന്നതിലേക്കായി ഇതുവരെ എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇപ്പോൾ പ്രസ്തുത പദ്ധതിയുടെ അവസ്ഥ എന്തെന്നും ഇത് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ സംസ്ഥാന സർക്കാർ വിവിധ ഇനങ്ങളിലായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ; ഓരോന്നും തരംതിരിച്ച് വിശദമാക്കുമോ ;

(ഇ) സ്മാർട്ട്സിറ്റി ചർച്ച ഇനി ദുബായിലാണ് നടത്തുന്നതെന്ന് സർക്കാർ തീരുമാനച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ;

(എഫ്) ദുബായിൽ ചർച്ചയ്ക്കായി ടീകോം സർക്കാരിനെ ക്ഷണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ക്ഷണക്കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ജി) കേരള സർക്കാരും ടീകോമുമായുള്ള ചർച്ചയ്ക്ക് ഏതെങ്കിലും മദ്ധ്യസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഈ മദ്ധ്യസ്ഥന്മാർ ആരാണ് ; ചർച്ച എന്നാണ് ; എവിടെ വച്ചാണ് ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 13-5-2007-ലാണ് കേരള സർക്കാരും ടീകോം ഇൻവെസ്റ്റ്മെന്റ് FZ-LLC യുമായി ഫ്രെയിം വർക്ക് എഗ്രിമെന്റ് ഒപ്പുവച്ചത്. ഫ്രെയിംവർക്ക് എഗ്രിമെന്റ് പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി-ഡി) സ്മാർട്ട്സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകുരിശ് വില്ലേജിലും പെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകുകയുണ്ടായി. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുവാൻ വേണ്ട നടപടി എടുത്തിട്ടുണ്ട്. അപ്രോച്ച് റോഡുകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. സ്മാർട്ട്സിറ്റിക്ക് നല്കിയ 132 ഏക്കർ സ്ഥലത്തിന് സെസ് പദവി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും വിമുക്തമാക്കി. നാലുവരിപാതയായ സീപോർട്ട്-എയർപോർട്ട് റോഡിന്റെ പണി പൂർത്തിയായി. കെ.എസ്.ഇ.ബി.യിൽ നിന്നും ഏറ്റെടുത്ത 100.65 ഏക്കർ സ്ഥലത്തിന് മദ്ധ്യേ പോകുന്ന പി.ഡബ്ല്യു.ഡി. റോഡ് ഡൈവർട്ട് ചെയ്യാനും കെ.എസ്.ഇ.ബി.യുടെ ഇൻസ്റ്റലേഷൻസ് മാറ്റി സ്ഥാപിക്കാനും ഉള്ള അനുവാദവും പദ്ധതി ചെലവിന്റെ ഒരു ഭാഗവും വഹിക്കാനുള്ള സമ്മതവും സ്മാർട്ട്സിറ്റിയെ അറിയിക്കുകയുണ്ടായി. സ്മാർട്ട് സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ Clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിം വർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന Clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പല പ്രാവശ്യം ശ്രമിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിനായി അവർ സ്വീകരിക്കേണ്ട നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ അത് സംബന്ധിച്ച് അവർക്ക് 3-9-2010-ൽ അന്തിമ നോട്ടീസ് അയയ്ക്കുകയും അതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2-12-2010-ൽ വീണ്ടും നോട്ടീസ് കൊടുക്കുകയും 10 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഈ പദ്ധതിക്കായി ഇതുവരെ 105.77 കോടി രൂപ ചെലവായി.

(ഇ&എഫ്) ഇല്ല.

(ജി) ടീകോമുമായി ചർച്ച നടത്തുന്നതിന് നോർക്ക വൈസ് ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly